# ദാർശനികമേഖലയിൽ സയൻസിന്റെ സ്വാധീനം

ഡോ. കെ. ഭാസ്കരൻനായർ

**നാം** ജീവിക്കുന്ന കാലഘട്ടത്തെ ശാസ്ത്രീയയുഗം എന്നാണ് വിളിക്കുന്നതെങ്കിലും ശുദ്ധമായ ദർശനത്തിന്റെ (Philosophy) മണ്ഡലത്തിൽ അതിന്റെ സ്വാധീനവും സംഭാവനയും നിർഗ്ഗണ്യമാണെന്നേ പറയാൻ കഴിയുന്നുള്ളൂ. നമ്മുടെ രാജ്യത്ത് പലരും സയൻസുമായി ഒരു ബന്ധവുമില്ലാത്ത വിഷയങ്ങളെക്കുറിച്ചു സംസാരിക്കുമ്പോഴും ഐൻസ്റ്റൈനെയും ജീൻസിനെയും എഡിങ്ടണെയും മററും ഉദ്ധരിക്കാറുണ്ടെങ്കിലും അതു് വെറും മോടിക്കുവേണ്ടിയുള്ള പറച്ചിലാണ്. ഈ നൂററാണ്ടിന്റെ ആദ്യത്തെ മൂന്നുദശകങ്ങൾ ഊർജ്ജതന്ത്രം അഥവാ ഫിസിക്സ്, എന്ന ശാസ്ത്രവിഭാഗം അത്യത്ഭുതകരമായ ഉപദർശനങ്ങൾക്ക് വിളനിലമായി ലോകത്തെ പ്രകമ്പനം ചെയ്യിച്ച കാലഘട്ടമായിരുന്നുവല്ലോ. പദാർത്ഥത്തിന്റെ പരമസ്വരൂപത്തെയും ഊർജ്ജപരിവർത്തനത്തിന്റെ വിചിത്ര സ്വഭാവങ്ങളെയുംകുറിച്ച് പ്രതിഭാശാലികളായ ശാസ്ത്രജ്ഞന്മാർ ഗവേഷണത്തിലൂടെ നേടിയ ഉൾക്കാഴ്ചകൾ മനുഷ്യരാശിയുടെ പ്രപഞ്ചവീക്ഷണത്തെ മാത്രമല്ല ഭുവനജീവിതത്തിന്റെ സകല ഭാവങ്ങളെയും അടിമുടി മാററിമറിക്കുന്നതായിതോന്നി. ഈ മുന്നേററത്തിന്റെ ആവേശപ്രകർഷത്തിൽ അനേകം ശാസ്ത്രജ്ഞന്മാർ തത്ത്വജ്ഞാനത്തിന്റെ നൂലാമാലകളിലേക്ക് കുതിച്ചുചാടുകയുണ്ടായി. ഇതിന്റെ ഫലമായി ഒരു പുസ്തകപ്രളയം തന്നെ സംഭവിച്ചു എന്നുപറയാം. ഒരു ഉദാഹരണം ഉദ്ധരിക്കട്ടെ. ഇംഗ്ലണ്ടിലെ റോയൽ സൊസൈററി എന്ന ലോകപ്രസിദ്ധമായ ശാസ്ത്രീയപരിഷത്തിൽ അംഗങ്ങളായിരുന്ന നൂറു പണ്ഡിതന്മാരെ സമീപിച്ച് ഈശ്വരനെക്കുറിച്ച് അവരുടെ അഭിപ്രായമെന്തെന്ന് അന്വേഷിച്ചറിഞ്ഞ്, അതെല്ലാം രേഖപ്പെടുത്തി, ഉത്സാഹശാലിയായ ഒരു പുസ്തകശാലക്കാരൻ വളരെ പ്രചാരംനേടിയ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അയാൾ അതുമൂലം കുബേരനായെങ്കിലും, അതിനിടയ്ക്ക് കുസൃതിക്കാരനായ ഒരു പത്രലേഖകൻ പ്രസ്തുത ശാസ്ത്രജ്ഞന്മാർ എവിടെവച്ച്, എത്രകാലം അവർ പച്ച്ചെയ്ത വിഷയത്തിൽ ഗവേഷണംനടത്തി എന്നുകൂടി അറിയിക്കണമെന്ന് പ്രസാധകനോട് പരസ്യമായി അപേക്ഷിച്ചു. ഇതു കണ്ടപ്പോൾ ശാസ്ത്രജ്ഞന്മാർ ഓരോരുത്തരായി തങ്ങൾ പറഞ്ഞ അഭിപ്രായങ്ങളിൽനിന്ന് പിൻവലിയുകയും, അവയെ വെറും സ്വകാര്യപ്രസ്താവനകളായി മാത്രമേ ഗണിക്കേണ്ടതുള്ളൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ശാസ്ത്രത്തിന് സാധാരണ ജനങ്ങളുടെ ഇടയ്ക്ക് വിലകയറുന്നു എന്നു കണ്ടപ്പോഴുണ്ടായ ആവേശത്തിന്റെ ഫലമാണിതു്. തത്ത്വജിജ്ഞാസയുടെ പേരിൽ ഭൗതികശാസ്ത്രജ്ഞന്മാർ ഇതുപോലെ നടത്തിയ കാട്ടുകയററം യഥാസ്ഥിതികന്മാരല്ലാത്ത ചില ദാർശനികന്മാരെപ്പോലും അക്കാലത്ത് അമ്പരപ്പിക്കുകയുണ്ടായി. സി. ഈ. എം. ജോഡ് എന്ന തത്ത്വജ്ഞാനി 1932-ൽ Philosophical Aspects of Modern Science (Allen & Unwin, London) എന്നൊരു പുസ്തകംതന്നെ പ്രസിദ്ധപ്പെടുത്തി. അതിൽ ഒരിടത്ത് ജെയിംസ് ജീൻസ് എന്ന ബ്രിട്ടീഷ്ശാസ്ത്രജ്ഞന്റെ ഒരു പ്രസ്താവനയെപ്പററി രസകരമായ ഒരു വിമർശനമുണ്ട്. കാലം ഒരു മിഥ്യയാണെന്നു വാദിച്ചുകൊണ്ട്, ''സംഭവങ്ങൾ ഒന്നിനുപുറകെ ഒന്നായി ഉണ്ടാവുകയല്ല; നാം അവയെ കണ്ടുമുട്ടുകമാത്രമാണ് ചെയ്യുന്നതു്'' എന്ന് ജീൻസ് എഴു



Digitized by Kerala Sahitya Akademi

തി. ''ഇതിന്റെ അർത്ഥം സംഭവങ്ങളിലല്ല, കണ്ടുമുട്ടലിലാണ് പൂർവ്വാപരത്വം എന്നല്ലേ?'' എന്ന് ചോദിച്ചുകൊണ്ട് ജോഡ് ഈ പ്രസ്താവനയുടെ തത്ത്വചിന്താപരമായ വൈകല്യം പൊളിച്ചുകാണിച്ചു. ഈച്ചയെ കൊല്ലാൻ ഇരുമ്പുകൂടം ഉപയോഗിക്കുന്നതുപോലെയുള്ള ഇത്തരം വിമർശനങ്ങൾ എഴുതുവാൻ വൈമനസ്യമുണ്ട് എന്നും പറഞ്ഞു !

ഭൗതികശാസ്ത്രവും തത്ത്വജ്ഞാനവും തമ്മിലുള്ള വ്യത്യാസം മാത്രമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നതെന്നും, ഇതു് ശാസ്ത്രത്തിന്റെ നേട്ടങ്ങളുടെ നിഷേധമല്ലെന്നും, എടുത്തുപറയേണ്ടിയിരിക്കുന്നു. ആ നേട്ടങ്ങൾ അത്യത്ഭുതകരമായ അളവിൽ ഇന്നും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, അവയിൽതന്നെയും ശ്രദ്ധാർഹമായ ചില ആന്ദോളനങ്ങൾ സംഭവിക്കുന്നുണ്ട് എന്ന വസ്തുതയും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. രണ്ടാംലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ ദുരിതാനുഭവങ്ങളും, അവയെ ജനിപ്പിക്കുന്നതിൽ ശാസ്ത്രജ്ഞാനം വഹിച്ച അസൂയാവഹമല്ലാത്ത പങ്കാളിത്തവും, വിദ്യാവ്യസനികളെന്നും ജ്ഞാനോപാസകന്മാരെന്നും കരുതിയ പല ശാസ്ത്രജ്ഞന്മാരുടെയും സങ്കുചിതമായ ദേശീയചിന്തയും ദ്രോഹബുദ്ധിയും ആധുനികവിജ്ഞാനത്തിന്റെനേർക്ക് ഗുരുതരമായ വിരോധം ജനിപ്പിച്ചു. യുവജനങ്ങൾ കൂട്ടത്തോടെ സയൻസിന്റെയും അതു നിലവിൽവരുത്തിയ വസ്തുനിഷ്ഠവും ഹൃദയശൂന്യവുമായ നൂതന സംസ്കാരത്തിന്റെയും എതിരേതിരിഞ്ഞു. കേവലം ഒരു തലമുറക്കാലം മുമ്പ്, സയൻസല്ലാതെ മറ്റൊരു വിഷയവും പഠിക്കുവാൻ വിദ്യാർത്ഥികളെ കിട്ടിയിരുന്നില്ല. ആ നിലയിൽനിന്ന് ശാസ്ത്രീയവിഷയങ്ങൾ പഠിക്കുവാൻപോലും യുവജനങ്ങൾ വൈമുഖ്യം കാണിക്കുന്ന ചുറ്റുപാടുകളിൽ പാശ്ചാത്യലോകം ചെന്നെത്തി. ഇതു് ഇടതുപക്ഷചിന്താഗതിയുടെയും വിപ്ലവ മനോഭാവങ്ങളുടെയും സ്വാധീനംകൊണ്ടാണെന്നാണ് ആദ്യമൊക്കെ പലരും കരുതിയതു". അതല്ലെന്ന് വ്യക്തമായപ്പോൾ യുവതലമുറയെ അതിന്റെ ഇഷ്ടത്തിനു വിടുവാനും അവർ പ്രദർശിപ്പിച്ച സംശയാലുത്വത്തെയും വിശ്വാസരാഹിത്യത്തെയും കാര്യമായി പരിഗണിക്കുവാനും, ശാസ്ത്രീയസംസ്കാരത്തിന്റെ അസ്തിവാരത്തെത്തന്നെ സൂക്ഷ്മമായി പരിശോധിക്കുവാനും ചിന്താശീലമുള്ളവർ സന്നദ്ധരായി.

ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളിൽ മതിമറന്ന് ആവേശംകൊള്ളുവാനും, അവയെ ആധാരമാക്കിമാത്രം മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെ സംവിധാനം ചെയ്യണമെന്ന് വാദിക്കുവാനും, ഒരുങ്ങുന്ന ശാസ്ത്രജ്ഞന്മാരെ അപൂർവ്വമായി മാത്രമേ പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന് കാണുകയുള്ളൂ. എന്നല്ല ലോകപ്രസിദ്ധി നേടിയ ചില ശാസ്ത്രജ്ഞന്മാർതന്നെ ഭൗതികവിജ്ഞാനത്തിന്റെ വമ്പിച്ച നേട്ടങ്ങളായി കരുതിപ്പോരുന്ന പല കണ്ടുപിടിത്തങ്ങളുടെയും മറുവശത്തെപ്പറ്റി ചിന്തിച്ച് അശുഭപ്രതീക്ഷകൾക്ക് വശംവദരായിത്തീരുകയും ചെയ്തിരിക്കുന്നു. എല്ലാവരും വാഴ്ത്തുന്ന വൈദ്യവിദ്യയുടെ നേട്ടങ്ങളെക്കുറിച്ചുപോലും ഈ ആശങ്കകൾ ഉണ്ടായിട്ടുണ്ട്. വൈദ്യശാസ്ത്രത്തിന്റെ വൈഭവംമൂലം വെറും മനുഷ്യൻ ഇല്ലാതായിരിക്കുന്നു എന്നും, അതു് എല്ലാ വ്യക്തികളെയും രോഗി (Patients) കളായി മാറ്റിയിരിക്കുന്നു എന്നും ഇവാൻ ഇല്ലിച്ച് എന്ന ചിന്തകൻ Medical Nemesis (by Ivan Illich: Pantheon Books, New York 1976) എന്ന വിശ്രുത ഗ്രന്ഥത്തിൽ പരിദേവനം ചെയ്യുന്നു. യുദ്ധാനന്തര ദശയിൽ വമ്പിച്ച വ്യവസായ പുരോഗതി ഉണ്ടായെങ്കിലും അതിന്റെ ഗുണങ്ങളെക്കുറിച്ചെന്നപോലെ ദോഷങ്ങളെക്കുറിച്ചും വിവേകശാലികൾ ചിന്തിക്കുവാൻ സന്നദ്ധരായി. ശാസ്ത്രീയ ഗവേഷണത്തിന്റെ മുഖ്യമായ ശ്രദ്ധാകേന്ദ്രം തന്നെയും ജഡപ്രകൃതിയിൽനിന്ന് ജീവലോകത്തിലേയ്ക്ക് മാറുകയും ചെയ്തു. ഒരർത്ഥത്തിൽ, ഊർജ്ജതന്ത്രത്തിന്റെ അദ്ധ്യായം അവസാനിച്ചു എന്നും ജീവശാസ്ത്രത്തിന്റെ പുതിയ സർഗ്ഗം തുടങ്ങി എന്നും പറയാവുന്നതാണ്. ഇന്ന് ഈ വിജ്ഞാന ശാഖയിലാണ് ഏറ്റവും വലിയ കണ്ടുപിടിത്തങ്ങൾ എല്ലാവരും പ്രതീക്ഷിക്കുന്നതു്. പക്ഷേ ഇവിടെയും പ്രകൃതിയെ കീഴടക്കി ശാസ്ത്രജ്ഞാനത്തിന്റെ സർവ്വാധിപത്യം സ്ഥാപിക്കുക എന്ന ഉദ്ദേശ്യം മുന്നിട്ടുനിൽക്കുന്നു. ജീവപാരമ്പര്യത്തിന്റെ രസതന്ത്രരഹസ്യങ്ങൾ വെളിപ്പെട്ടതോടെ ഭിന്ന ജാതികളിൽപ്പെട്ട ജീവികളുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും ഇഷ്ടാനുസരണം കൂട്ടിക്കലർത്തി പുതിയ ജാതികളെ വളർത്തിയെടുക്കുവാനുള്ള കൊണ്ടുപിടിച്ച യത്നം നടക്കുകയാണ്.

ഈ ഗവേഷണങ്ങൾ ഏറിയകൂറും അണുജീവികളെ ഉപയോഗിച്ചാണ് നടത്തപ്പെടുന്നതു്. അവയിൽ പലതും രോഗങ്ങൾ ജനിപ്പിക്കുവാൻ കഴിവുള്ളവയാണെന്നതു് സുവിദിതമാണല്ലോ. ചരിത്രാതീതകാലം മുതല്ക്ക് മനുഷ്യജീവിതത്തിന് ആപത്തുവരുത്തിയിട്ടുള്ള രോഗാണുക്കളെ നിയന്ത്രിച്ച് പൊതുജനാരോഗ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മഹായത്നം അടിക്കടി വിജയിച്ചുവരുന്ന സമയത്താണ് അണുജീവികളെക്കൊണ്ടുള്ള ഈ കളി ആരംഭിച്ചിരിക്കുന്നതു്. അതിന് ജെനിറ്റിക്ക് എഞ്ചിനീയറിംഗ് (Genetic Engineering) എന്ന പരിഹാ

സ്യമായ പേരും നൽകിയിരിക്കുന്നു! ഇതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചാലോചിച്ച് എത്രയോ ശാസ്ത്രജ്ഞന്മാരും, ചില രാജ്യങ്ങളിലെ ഗവണ്മെണ്ടുകൾപോലും, ആശങ്കാകുലരായിരിക്കുന്നു. ഈ പരീക്ഷണങ്ങളിൽനിന്ന് ഇന്നുവരെ അറിയപ്പെട്ടിട്ടില്ലാത്ത മാരകശക്തിയുള്ളവയും, ഒരു പ്രതിരോധവും ഇല്ലാത്തവയുമായ പുതിയ രോഗാണുക്കൾ ഉണ്ടാവുകയും അവ ലോകമാകെ വ്യാപിക്കുകയും ചെയ്താൽ സംഭവിക്കാവുന്ന ആപത്തിനെക്കുറിച്ചുള്ള ഭയമാണിത്. ഇക്കാരണത്താൽ, അണുശക്തി പരീക്ഷണങ്ങളെന്നപോലെ ഈ പുതിയ ജീവശാസ്ത്ര ഗവേഷണവും രാഷ്ട്രീയമായ നിയന്ത്രണങ്ങൾക്കു വിധേയമാക്കണമെന്നും, അതിനെ നിരോധിക്കണമെന്നുപോലും, ഉള്ള അഭിപ്രായം അത്യധികം ബലപ്പെട്ടുവന്നിട്ടുണ്ട്. ഈ സന്ദർഭത്തിൽ നമുക്ക് സുപരിചിതമായ ഒരു ഉദാഹരണം വളരെ പ്രസക്തമായിത്തോന്നുന്നു. ശാസ്ത്രീയ ഗവേഷണത്തിനുവേണ്ടി അമേരിക്കയിൽനിന്ന് ഇവിടെ കൊണ്ടുവന്ന ഒരു നീർച്ചെടിയാണ് ഇന്നു രാജ്യമാകെ വ്യാപിച്ച്, കേരളത്തിന്റെ മഹാശാപമായിത്തീർന്നിരിക്കുന്ന 'ആഫ്രിക്കൻ പായൽ'. പരീക്ഷണശാലകളിൽനിന്ന് ആപൽക്കാരികളായ അണുജീവികൾ ഇതുപോലെ പുറത്തുചാടുവാൻ എത്രയോ എളുപ്പമാണ്. അതുമൂലമുണ്ടാകുന്ന ആപത്ത് പടർന്നുപിടിക്കുമ്പോൾ മാത്രമേ ഈ വസ്തുത അറിയുകയുമുള്ളൂ.

ശാസ്ത്രീയ പുരോഗതിയുടെയും അതിൽനിന്നു സൃഷ്ടിച്ച വ്യവസായയുഗത്തിന്റെയും ആശങ്കാജനകമായ മറ്റൊരു ഫലമാണ് പരിസര മലിനീകരണം അഥവാ ഭൂമാലിന്യം. അതിമനോഹരമായ ഈ ലോകം വിഷവസ്തുക്കൾനിറഞ്ഞ ഒരു കുപ്പക്കുമ്പാരമായി മാറുകയാണ്. ഭൂമുഖത്ത് ജീവചൈതന്യത്തെ നിലനിർത്തുന്ന, അന്യോന്യബദ്ധവും അത്യന്തം ദുർബ്ബലവുമായ, പ്രകൃതിയുടെ സന്ധാരണ സാമഗ്രികളെ ശീഘ്രവിജയത്തിനും അമിതലാഭത്തിനുംവേണ്ടി പ്രയോഗിക്കുന്ന സാങ്കേതിക വിദ്യകൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിൽ ഒരിടത്തും ശുദ്ധജലവും ശുദ്ധവായുവും ലഭിക്കുകയില്ല എന്ന മഹാസങ്കടം വന്നുകൂടുകയല്ലേ എന്ന ഭയം പടർന്നുപിടിച്ചിട്ടുണ്ട്. വ്യവസായവിഷങ്ങൾകൊണ്ട് മഹാസമുദ്രങ്ങൾപോലും ജീവജാലത്തിന് മാരകമായ അളവിൽ മലിനമായിരിക്കുന്നു. രാസവളങ്ങളും, യന്ത്രശബ്ദങ്ങളും, വൈദ്യുതപ്രകാശവും എല്ലാം ആപൽക്കാരികളാണത്രെ. അണുപ്രസരംമൂലം ഇന്നുള്ളവർക്കുമാത്രമല്ല ഭാവിതലമുറകൾക്കുപോലും ആപത്തുണ്ടാകും. ഇതൊക്കെ അനുഭവസത്യങ്ങളാണെങ്കിലും മനുഷ്യവർഗ്ഗം ഒരു കാലത്തും ശാസ്ത്രത്തെ കൈവിടുകയില്ല. അതിൽനിന്നു ലഭിച്ച പ്രായോഗികമായ സുഖസൗകര്യങ്ങളിൽ ലോകം അത്രമേൽ വശീകൃതമായിക്കഴിഞ്ഞു. സാങ്കേതികവിദ്യയുടെയും വ്യവസായയുഗത്തിന്റെയും ദോഷങ്ങളെ ദൂരീകരിക്കാൻ പുതിയ സാങ്കേതികവിദ്യകൾ കണ്ടുപിടിക്കണമെന്നും, അതിനുവേണ്ടിത്തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കണമെന്നും ഉള്ള അഭിപ്രായഗതി ഉണ്ടായിട്ടുണ്ട്. ഈ വഴിക്കുള്ള പുരോഗതിക്ക് പ്രതിബന്ധമായി പലരും ചൂണ്ടിക്കാണിക്കുന്ന മറ്റൊരു പ്രയാസം പ്രകൃതിവിഭവങ്ങളുടെ വിശോഷണമാണ്. ശാസ്ത്രവും ടെക്നോളജിയും ഇല്ലാത്തതിനെ ഉണ്ടാക്കുന്നില്ല. പ്രകൃതിയിൽനിന്നുകിട്ടുന്ന വസ്തുക്കളെ രൂപാന്തരപ്പെടുത്തുകയേ ചെയ്യുന്നുള്ളൂ. ധാതുവസ്തുക്കളും ഖനിയെണ്ണകളും ലോഹങ്ങളുമെല്ലാം അതിശീഘ്രം തീർന്നുപോവുകയാണെന്നും അടുത്ത നൂറ്റാണ്ട് ആരംഭിക്കുന്നതിനുമുമ്പുതന്നെ അവയെല്ലാം ആവശ്യത്തിനു കിട്ടാതാകുമെന്നും പറയുന്നു. ഇതുകൊണ്ടും ആർക്കും കൂസലില്ല. ഭൂതലത്തിൽ കിട്ടിയില്ലെങ്കിൽ സമുദ്രത്തിനടിയിൽനിന്ന് കുഴിച്ചെടുക്കണം. അവിടെയും കിട്ടാനില്ലെങ്കിൽ ചന്ദ്രഗോളത്തിൽനിന്നു കൊണ്ടുവരണം. ആധുനിക ശാസ്ത്രത്തിന് എന്താണ് കഴിയാത്തത്? ഇക്കാര്യത്തിൽ വികസിതരാജ്യക്കാർക്ക് അല്പമൊരു വീണ്ടുവിചാരവും മുൻകരുതലും ഉണ്ടായിട്ടുണ്ടെങ്കിലും പുത്തൻ പരിഷ്കാരത്തിന്റെ സൗഭാഗ്യങ്ങൾ അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പിൻകിട രാജ്യക്കാർക്ക് യാതൊരു പരിഭ്രാന്തിയുമില്ല; ലോകം നശിച്ചാലും കിട്ടാത്തതു കിട്ടണം എന്ന വാശിയേയുള്ളൂ.

ശാസ്ത്രത്തിന്റെ പ്രായോഗിക ഭാവങ്ങളിലുള്ള ഈ തിരിച്ചിലും മറിച്ചിലും എല്ലാം ഇങ്ങനെ ദീർഘകാലം തുടർന്നുപോകും എന്നതിന് സംശയമൊന്നുമില്ല. മനുഷ്യവർഗ്ഗം സ്വമേധയാ, ത്യാഗബുദ്ധികൊണ്ട്, അതിന്റെ നേട്ടങ്ങളെ, എന്തെല്ലാം ദോഷമുണ്ടായാലും, വേണ്ടെന്നുവയ്ക്കുകയില്ല. ഇതും ഒരർത്ഥത്തിൽ, ഒരു തത്ത്വചിന്താപ്രശ്നമാണെങ്കിലും അതല്ലല്ലോ നമ്മുടെ ഇപ്പോഴത്തെ ചർച്ചാവിഷയം. ദാർശനിക മേഖലയെപ്പറ്റി ചിന്തിക്കുമ്പോൾ ആധുനികശാസ്ത്രത്തിന്റെ ഉപദർശനങ്ങൾക്ക് അതിൽ അത്ര വലിയ പ്രസക്തിയൊന്നും കാണാനില്ലെന്ന് ആദ്യമേതന്നെ സൂചിപ്പിക്കുകയുണ്ടായി. മനുഷ്യൻ ഭൂമിയിൽ ഉണ്ടായകാലംമുതല്ക്ക് അവനെ അഭിമുഖീകരിക്കുകയും വിസ്മയിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്തിട്ടുള്ള അടിസ്ഥാനപ്രശ്നങ്ങൾക്ക് അതിലൂടെ തൃപ്തികരമായ പരിഹാരം കണ്ടെത്താമെന്ന പ്രതീക്ഷയും തത്ത്വജ്ഞാനികൾ പുലർത്തുന്നില്ല. ഈ പ്രശ്നങ്ങളെല്ലാം



Digitized by Kerala Sahitya Akademi

തന്നെ അവൻെറ അന്തരംഗത്തിൽ ഉണ്ടാകുന്നവയും ആത്മനിഷ്ഠങ്ങളുമാണ്. ഇവയിൽ ശാസ്ത്രത്തിന് താൽപര്യമില്ല. അതു് ആത്മബാഹ്യങ്ങളും വസ്തു നിഷ്ഠങ്ങളുമായ വിഷയങ്ങളെയാണ് കൈകാര്യം ചെയ്യുന്നതു്. നിരീക്ഷകനെ ആശ്രയിക്കാത്ത പ്രപഞ്ചസത്യങ്ങളെയാണ് അതു് അന്വേഷിക്കുന്നതു്. നാടകം കാണുന്നതുപോലെ, പന്തുകളി കാണുന്നതു പോലെ, ആകാശത്തിൽ ഉയർന്നു പറന്നു് ഭൂമുഖത്തെ അവലോകനം ചെയ്യുന്നതുപോലെ, പ്രപഞ്ചത്തെ ദർശിക്കണം. ആർക്കും കാണാവുന്നതും, എല്ലാവർക്കും ഒരുപോലെ കാണാവുന്നതും, ആരും നോക്കിയില്ലെങ്കിലും അവശേഷിക്കുമെന്നു് നിശ്ചയിക്കാവുന്നതുമായ വസ്തുതകളും അവയുടെ പരസ്പരബന്ധങ്ങളും കണ്ടുപിടിക്കണം. അതാണ് ലക്ഷ്യം. ഈ വസ്തുനിഷ്ഠലക്ഷ്യത്തെ കഴിഞ്ഞ മൂന്നു നൂററാണ്ടുകളായി ശാസ്ത്രം പിൻതുടരുകയാണ്. ആപേക്ഷികതത്വവും ക്വാണ്ടംതീയറിയും, അണുക്കളും, പരമാണുക്കളും, എല്ലാം അദമ്യമായ ഈ ജിജ്ഞാസമൂലം കണ്ടുപിടിക്കുവാൻ സാധിച്ച ശാസ്ത്രതത്ത്വങ്ങളാണ്. ഇവ നിരീക്ഷകനിൽനിന്നു ഭിന്നമായ, അവൻെറ വെളിയിലുള്ള, ഉണ്മകളാണെന്നും അടുത്തകാലംവരെ വിശ്വസിച്ചിരുന്നു. ഈ നിലയിൽ കരുതിയാൽ അവ ശരിയായ തത്ത്വദർശനങ്ങൾതന്നെ എന്നു പറയണം. തത്ത്വം എന്ന വാക്കിൻെറ അർത്ഥം അതു് എന്ന അവസ്ഥ (That-ness) എന്നാണല്ലൊ. ഈ പദത്തിൽ 'അതു്' എന്ന സങ്കല്പം അന്തർഭവിക്കുന്നതുകൊണ്ടു് തത്ത്വദർശനം നിരീക്ഷകനിൽനിന്നു ഭിന്നമായ, അകന്നുനില്ക്കുന്ന, മററൊന്നിൻെറ ദർശനമാണെന്നുപോലും പറയാവുന്നതാണ്.

പക്ഷേ, ആധുനിക ശാസ്ത്രഗവേഷണങ്ങളുടെ അവിചാരിതമായ ഒരു ഫലം, അവ കൂടുതൽ കൂടുതൽ പുരോഗമിച്ചപ്പോൾ വെളിയിലുള്ള വസ്തുനിഷ്ഠമായ, പ്രപഞ്ചത്തിൻെറ ഘടകങ്ങളെന്നും അവയുടെ പരസ്പര ബന്ധങ്ങളെന്നും കരുതിയതെല്ലാം ഗവേഷണപ്രക്രിയയിൽ നിരീക്ഷകൻ കൈയിൽനിന്നു് എടുത്തിട്ടതാണെന്നു് തെളിഞ്ഞു എന്നുള്ളതാണ്. ഇതു്, ഗഹനങ്ങളായ ഗണിതസൂത്രങ്ങൾകൊണ്ടു മാത്രം നിർവ്വചിക്കാവുന്ന സങ്കല്പങ്ങൾക്കെന്നപോലെ ഇലക്ട്രോൺ, പ്രോട്ടോൺ എന്നു തുടങ്ങി നൂറോ ഇരുനൂറോ ആയി പെരുകിയിരിക്കുന്ന പദാർത്ഥപരമാണുക്കൾക്കും ബാധകമാണെന്നു കാണുന്നു. വാസ്തവത്തിൽ നിരീക്ഷകൻ ഒരു പരമാണുവിനേയും കാണുന്നില്ല. തൻെറ മനസ്സിലുള്ള ധാരണകളെ ആധാരമാക്കി വലിയ ഊർജ്ജപ്രയോഗത്തിലൂടെ നടത്തുന്ന പരീക്ഷണങ്ങൾ തന്നെ സൃഷ്ടിക്കുന്ന പ്രതിഭാസങ്ങളെ, തൻെറ സങ്കല്പങ്ങൾക്കു് അനുരൂപമായ രീതിയിൽ പരമാണുക്കൾ എന്നു നിർവ്വചനം ചെയ്തു് തൃപ്തിപ്പെടുക മാത്രമേ ചെയ്യുന്നുള്ളൂ. ശാസ്ത്രീയ ഗവേഷണത്തിൻെറ അടിസ്ഥാനപരമായ ഈ വൈകല്യം എഡിംഗ്ടൺ എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ അമ്പതു കൊല്ലം മുമ്പു തന്നെ ചൂണ്ടിക്കാണിച്ചതാണ്. പക്ഷേ അന്നു് അദ്ദേഹത്തെ മററു ശാസ്ത്രജ്ഞന്മാർ കളിയാക്കി. ഇന്നിപ്പോൾ അതിൽ വളരെയധികം സത്യമുണ്ടെന്നു് ഏറെക്കുറെ എല്ലാവർക്കും ബോദ്ധ്യമായിരിക്കുന്നു.

''നമ്മുടെ ഈ പ്രപഞ്ചവുമായി യാതൊരു പരിചയവും ഇല്ലാത്തവനും, എന്നാൽ മനുഷ്യൻെറ മനസ്സ് ഇന്ദ്രിയങ്ങൾ മുഖേന ലഭിക്കുന്ന അനുഭൂതികളുടെ ഉള്ളടക്കത്തെ അതിനുതന്നെ പരിഭാഷപ്പെടുത്തിക്കൊടുക്കുന്നതിനുപയോഗിക്കുന്ന ചിന്താസമ്പ്രദായം പരിചയമുള്ളവനുമായ ഒരു ബുദ്ധിശാലിക്കു്, പരീക്ഷണത്തിലൂടെ നാം നേടിയിട്ടുള്ള ഭൗതികശാസ്ത്രജ്ഞാനം മുഴുവനും കണ്ടെത്താൻ കഴിയുന്നതാണ്. അയാൾ നമ്മുടെ അനുഭവത്തിലെ പ്രത്യേക സംഭവങ്ങളേയും വസ്തുക്കളേയും ഊഹിച്ചെടുക്കുകയില്ല. പക്ഷേ നാം ഇവയെ ആധാരമാക്കി നിർമ്മിച്ച പൊതുനിയമങ്ങളെല്ലാം കണ്ടെത്തും. ഉദാഹരണമായി അയാൾ റേഡിയത്തിൻെറ അസ്തിത്വവും സ്വഭാവങ്ങളും അനുമാനിക്കും; എന്നാൽ ഭൂമിയുടെ അളവുകൾ ഊഹിക്കുകയില്ല.''

കപ്പൽ ചേതം വന്നു് വിദൂരമായ ഒരു ദ്വീപിൽ അകപ്പെട്ടുപോയ റോബിൻസൺ ക്രൂസോ അവിടത്തെ കടൽപ്പുറത്തു് ചുററിനടന്നപ്പോൾ കണ്ടെത്തിയ കാല്പാടുകൾ ആരുടേതെന്നു് തെരഞ്ഞുതെരഞ്ഞു്, ഒടുവിൽ തൻേറതു തന്നെ എന്നു മനസ്സിലാക്കിയതുപോലെയുള്ള അനുഭവമാണിതെന്നു കൂടി എഡിംഗ്ടൺ പറയുകയുണ്ടായി. സാക്ഷാൽ 'തത്ത്വമസി' (അതു നീയാകുന്നു) എന്ന അനുഭൂതി തന്നെ! ''അതി''ൽ നിന്നു് ചുററി വളഞ്ഞു് തന്നിലേയ്ക്കു തന്നെ തിരിച്ചുവരുന്ന ഈ ശിരോവേഷ്ടന പ്രാണായാമത്തിൻെറ പരിണതിയ്ക്കു മുമ്പിൽ ആധുനിക ശാസ്ത്രം ഇപ്പോഴും പകച്ചു നിൽക്കുകയാണ്. അതിനെ അംഗീകരിക്കണമോ വേണ്ടയോ എന്ന സംശയം അവശേഷിക്കുന്നു. അംഗീകരിച്ചാൽ സത്യാന്വേഷണം എന്ന അർത്ഥത്തിലുള്ള ശാസ്ത്രീയ ഗവേഷണത്തിൻെറ അടിസ്ഥാനം തന്നെ തകർന്നുപോകും. അംഗീകരിക്കാതിരുന്നാൽ, മുന്നൂറു കൊല്ലമായി നിരന്തരം നടന്നുവരുന്ന ഈ ഗംഭീരയത്നം യാതൊരു വിജയപ്രാദ്ധ്യതയുമില്ലാത്ത കഥയില്ലായ്മയായി തുടർന്നുപോകും. ഇതാണ് സ്ഥിതി.



Digitized by Kerala Sahitya Akademi

ഇത്രയും പറഞ്ഞതിൽനിന്ന് ശാസ്ത്രത്തിന് ദാർശനിക മേഖലയിൽ ഒരു സ്വാധീനവും ഉണ്ടായിട്ടില്ല എന്നു ധരിക്കരുത്. അതിപ്രകടമായ ഒരു സ്വാധീനമുണ്ടായി; ദർശനം, അഥവാ തത്ത്വജ്ഞാനം, തന്നെ ഒരു ശാസ്ത്രമായിത്തീർന്നു! അത് സയൻസിന്റെ സാങ്കേതിക മാർഗ്ഗങ്ങളേയും അന്വേഷണ രീതികളേയും സ്വീകരിച്ച്, പരമ്പരാഗതമായി അംഗീകരിച്ചുപോന്ന ലക്ഷ്യങ്ങളിൽ പലതിനേയും കൈവെടിഞ്ഞ്, അപഗ്രഥനപ്രധാനമായ ഒരു വിജ്ഞാനശാഖയായി രൂപാന്തരപ്പെട്ടു. "അതിന് അനലിററിക്കൽ ഫിലോസഫി എന്നു പേർ പറയുന്നു. ഇതിന്റെ നായകനായിരുന്നു ബർട്രന്റ് റസ്സൽ. നന്മ, തിന്മ, ഗുണം, ദോഷം, സന്മാർഗ്ഗം, സദാചാരം, ജീവിതത്തിന്റെ അർത്ഥലക്ഷ്യങ്ങൾ, ആത്മാവ്, ആദർശാത്മകത്വം എന്നിങ്ങനെയുള്ള വിഷയങ്ങളൊന്നും തത്ത്വചിന്തയിൽ പ്രതിപാദിക്കേണ്ടവയല്ലെന്നും, വസ്തുനിഷ്ഠവും സർവ്വാശ്ലേഷിയുമായ ജ്ഞാനം കണ്ടെത്തുവാൻ ശ്രമിക്കുക മാത്രമാണ് അതിന്റെ ധർമ്മമെന്നും വ്യവച്ഛേദിച്ചിരിക്കുകയാണ്. ഈ പരിവർത്തനത്തെപ്പററി റസ്സൽ ഇങ്ങനെ പറയുന്നു:

''അന്യോന്യം കലഹിക്കുന്ന അഭിപ്രായഭ്രാന്തുകളുടെ ഉന്തിനും തള്ളിനുമിടയ്ക്ക്, എത്രയോ വിരളമായി മാത്രം കാണാവുന്ന ഏകീകരണശക്തികളിൽ ഒന്ന് ശാസ്ത്രീയമായ സത്യസന്ധതയാകുന്നു. വ്യക്തിഗതങ്ങളും പ്രാദേശികങ്ങളും വികാരപരങ്ങളുമായ വിരോധങ്ങളിൽ നിന്ന് മനുഷ്യസാദ്ധ്യമായിടത്തോളം മുക്തമാക്കപ്പെട്ട നിരീക്ഷണങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ വിശ്വാസങ്ങൾ രൂപവൽക്കരിക്കുന്ന ശീലമാണ് ഇതുകൊണ്ട് ഞാൻ വിവക്ഷിക്കുന്നത്. തത്ത്വചിന്തയിൽ ഈ സദ്ഗുണം കൈവരുത്തണമെന്നു നിർബന്ധിക്കുകയും അതിനെ സഫലമാക്കുവാൻ സഹായിക്കുന്ന ശക്തിമത്തായ ഒരു പ്രയോഗമാർഗ്ഗം കണ്ടുപിടിക്കുകയും ചെയ്യുതാണ് ഞാൻ അംഗമായിരിക്കുന്ന ദർശനസംഘത്തിന്റെ പ്രധാനമായ മേന്മ. ഈ ദർശനസമ്പ്രദായം പരിചയിക്കുന്നതുമൂലം സിദ്ധമാകുന്ന സൂക്ഷ്മമായ സത്യവാദശീലം മനുഷ്യന്റെ പ്രവർത്തനമണ്ഡലത്തിൽ മുഴുവനും വ്യാപിപ്പിക്കാവുന്നതാകുന്നു. അങ്ങനെ ചെയ്യാൽ അഭിപ്രായഭ്രാന്തുകൾ ലഘൂകരിക്കാനും സഹാനുഭൂതിയും പരസ്പരധാരണയും വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. തത്ത്വചിന്ത വാശിയോടെ പുലർത്തിപ്പോരുന്ന നാട്യങ്ങളിൽ ഒരംശത്തെ ഇങ്ങനെ കൈവെടിയുന്നതുകൊണ്ട് അതു ശ്രേഷ്ഠമായ ഒരു ജീവിതരീതിക്ക് മാർഗ്ഗദർശനവും പ്രചോദനവും നല്കാതിരിക്കുന്നില്ല.''

പ്രത്യാശയോടുകൂടിയാണ് ഈ പ്രസ്താവന സമാപിക്കുന്നതെങ്കിലും അതിൽ ഒരു വിഷാദത്തിന്റെ അടിയൊഴുക്ക് ഉള്ളതായി എനിക്കു തോന്നുന്നു. ഏതായാലും സയൻസിന്റെ സ്വാധീനംമൂലം ഈ നിലയിലാണ് തത്ത്വദർശനം ഇന്ന് എത്തിയിരിക്കുന്നത്. □

## കോപം

മസ്തിഷ്ക്കത്തിലെ തലാമസിന് ചുററുമുള്ള നാഡീവ്യൂഹമാണ് കോപത്തിന്റെ ഉറവയായിത്തീരുന്നതെന്ന്, പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ശക്തമായ കോർടെക്സ് ഈ നാഡീവ്യൂഹങ്ങളെ നിയന്ത്രിക്കുകയും സാധാരണഗതിയിൽ മസ്തിഷ്ക്കത്തെ പ്രവർത്തിപ്പിച്ച് കോപത്തെ അകററിനിർത്തുകയും ചെയ്യുന്നു. എന്നാൽ കോർടെക്സിന് സാരമായ എന്തെങ്കിലും തകരാറു സംഭവിച്ചാൽ, അതിനു കോപത്തിന്റെ സ്രഷ്ടാക്കളായ നാഡീവ്യൂഹത്തെ, നിയന്ത്രിക്കാൻ കഴിയാതെവരികയും, കോപം ജനിക്കുകയുംചെയ്യുന്നു.

* * * * *

സാധാരണ മാനസികാവസ്ഥയുള്ള ആളുകൾക്ക്, രാവിലെ ഉണരുമ്പോൾ പൂർണ്ണമായും ഉറക്കത്തിൽനിന്നും സ്വതന്ത്രനാകാതെയിരിക്കുന്നതുകൊണ്ട് ചെറിയ ശല്യംപോലും വലിയ കോപത്തിനു കാരണമായേക്കും. ഈ സമയത്ത് ശരീരത്തിന് ഊർജ്ജം നല്കുന്ന പദാർത്ഥങ്ങളുടെ കുറവും കോപത്തിന് കാരണമായിത്തീരുന്നതാണ്. വൈകുന്നേരം മാനസികമായും ശാരീരികമായും ക്ഷീണിച്ചിരിക്കുമ്പോഴും മുൻകോപം ഉണ്ടാകും. ഒരാളിനെ കണ്ട് ഏതെങ്കിലും കാര്യം നേടണമെന്നുണ്ടെങ്കിൽ പ്രാതലിനുശേഷം കാണുന്നതാണ് ഉത്തമം. വൈകുന്നേരം ക്ഷീണിതനായിരിക്കുന്ന ആളിനെ കാര്യസാദ്ധ്യത്തിനുവേണ്ടി സമീപിക്കാതിരിക്കുകയാണു ഭേദം.

ഡോ. വി. കെ. രാമചന്ദ്രന്റെ
'മാനസികരോഗങ്ങൾ'
എന്ന പുസ്തകത്തിൽനിന്ന്



Digitized by Kerala Sahitya Akademi